LIBRARY ARCHIVES Kerala Legislative Assembly

ലോ ഫ്ലോർ ബസ്സുകൾ

314 (318) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര ലോ ഫ്ലോർ ബസ്സുകൾ അനുവദിച്ചിട്ടുണ്ടെന്നും, ഇതിൽ എത്ര ബസ്സുകളാണ് കാസർഗോഡ് ജില്ലയിൽ അനുവദിച്ചതെന്നും വ്യക്തമാക്കാമോ ;

(ബി) എത്ര ലോ ഫ്ലോർ ബസ്സുകൾ ഇപ്പോൾ നഷ്ടമില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ വർഷം സംസ്ഥാനത്ത് 64 ലോ ഫ്ലോർ ബസ്സുകളും, 22 നോൺ എ.സി സെമി ലോ ഫ്ലോർ ബസ്സുകളും അനുവദിച്ചിട്ടുണ്ട്. ഇതിൽ അഞ്ച് നോൺ എ.സി ബസ്സുകൾ കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) 52 എ.സി. ലോ ഫ്ലോർ ബസുകൾ ഇപ്പോൾ ലാഭകരമായി സർവ്വീസ് നടത്തുന്നുണ്ട്.

കെ.എസ്.ആർ.ടി.സി. യുടെ പ്രതിമാസ നഷ്ടം

315 (319) ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ പ്രതിമാസ നഷ്ടം എത്ര രൂപയാണ് ;

(ബി) കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് അവസാനമായി പെൻഷൻ നൽകിയത് എന്നാണ് ;

(സി) എത്രമാസത്തെ പെൻഷൻ തുക കുടിശ്ശിക ആയി നൽകാനുണ്ട് ;

(ഡി) പെൻഷൻ സമയബന്ധിതമായി ലഭിക്കാത്തതുമൂലം ആത്മഹത്യ ചെയ്തവരുടെ എണ്ണം എത്രയാണ് ;

(ഇ) കെ.എസ്.ആർ.ടി.സി.-യിൽ സമയബന്ധിതമായി പെൻഷൻ വിതരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ പ്രതിമാസ വരവ് ചെലവ് അന്തരം 107 കോടി രൂപയാണ്.